ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 21.11.2025 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. 20 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ദക്ഷിണാഫ്രിക്കയിലേക്ക് തിരിച്ചു. ആഗോളതലത്തിലെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായിരിക്കും ഉച്ചകോടിയെന്ന് പ്രധാനമന്ത്രി.

   **Prime Minister Narendra Modi departed for South Africa today to attend the G-20 Summit. The Prime Minister said that the summit will serve as a platform to discuss major global issues.**

2. രാജ്യത്തിന്റെ അതിർത്തികൾ സുരക്ഷിതമാക്കുന്നതിൽ ബിഎസ്എഫ് സുപ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

   **Union Home Minister Amit Shah said that the Border Security Force (BSF) plays a crucial role in securing the country's borders.**

3. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് ഊർജ്ജിതം. പത്രികകൾ ഇന്ന് വൈകുന്നേരം മൂന്ന് മണി വരെ സമർപ്പിക്കാം.

Campaigning for the local body elections is intensifying across Kerala . Nomination papers can be submitted until 3 PM today.

4. സ്വതന്ത്ര വ്യാപാര കരാറിനായി ചർച്ചകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഇന്ത്യയും ഇസ്രായേലും ഒപ്പുവച്ചു.

India and Israel have signed the Terms of Reference to initiate negotiations for a Free Trade Agreement in Tel Aviv, marking a major step toward deepening bilateral economic cooperation

5. ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ ഗുവാഹത്തിയിൽ.

The final match of the India–South Africa Test cricket series will be held tomorrow in Guwahati.

**PM G20**

ജി-20 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ദക്ഷിണാഫ്രിക്കയിലേക്ക് തിരിച്ചു. ജോഹനാസ്ബർഗിൽ നടക്കുന്ന ഉച്ചകോടിയുടെ മൂന്നോളം സമ്മേളനങ്ങളെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി ജി-20 അജണ്ട സംബന്ധിച്ച ഇന്ത്യയുടെ കാഴ്ചപ്പാടുകൾ വിശദമാക്കും. ആഗോളതലത്തിലെ പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദിയായി ജി-20 മാറുമെന്ന് യാത്രയ്ക്ക് മുന്നോടിയായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

വസുധൈവ കുടുംബകം എന്ന ഇന്ത്യൻ ദർശനത്തെ അടിസ്ഥാനമാക്കിയുള്ള കാഴ്ചപ്പാടുകൾ സമ്മേളനത്തിൽ പങ്കുവയ്ക്കുമെന്നും അദ്ദേഹം അറിയിച്ചു. 2023 ൽ ഇന്ത്യയുടെ ജി-20 അധ്യക്ഷ കാലയളവിലാണ് ആഫ്രിക്കൻ യൂണിയൻ, കൂട്ടായ്മയിൽ അംഗമാകുന്നത്. ആഫ്രിക്കയിൽ നടക്കുന്ന പ്രഥമ ജി-20 ഉച്ചകോടിയാണിത്.

മൂന്ന് ദിവസത്തെ സന്ദർശനത്തിൻറെ ഭാഗമായി ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക നേതൃതല യോഗത്തിലും പ്രധാനമന്ത്രി പങ്കെടുക്കും.ഉഭയകക്ഷി ബന്ധങ്ങൾ ശക്തിപ്പെടുത്താൻ സന്ദർശനം വേദിയൊരുക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**AMIT SHAH (INTRO)**

രാജ്യത്തിന്റെ അതിർത്തികൾ സുരക്ഷിതമാക്കുന്നതിൽ ബിഎസ്എഫ് സുപ്രധാന പങ്ക് വഹിക്കുന്നതായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. നക്സലിസത്തിനെതിരായ പോരാട്ടത്തിലും യുഎൻ സമാധാന ദൗത്യങ്ങളിലും ധീരതയോടെയും കാര്യക്ഷമതയോടെയുമാണ് അതിർത്തി രക്ഷാ സേന ഉത്തരവാദിത്തം നിറവേറ്റുന്നതെന്നും അദ്ദേഹം പറഞ്ഞു. ഗുജറാത്തിലെ ഭുജിൽ ബിഎസ്എഫിന്റെ 61ാമത് സ്ഥാപകദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു ശ്രീ അമിത്ഷാ.

(ഹോൾഡ്)

ബിഎസ്എഫ് ഡയറക്ടർ ജനറൽ ദൽജീത് സിംഗ് ചൗധരിയും, സേനയിലെ മുതിർന്ന ഉദ്യോഗസ്ഥരും ചടങ്ങിൽ പങ്കെടുത്തു.

❁❁❁❁❁❁❁❁❁❁❁❁❁

## NOMINATION

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. വൈകുന്നേരം 3 മണി വരെ പത്രിക സമർപ്പിക്കാം. സൂക്ഷ്മപരിശോധന നാളെ നടക്കും. തിങ്കളാഴ്ചയാണ് പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. ഡിസംബർ 9, 11 തീയതികളിലായി രണ്ട് ഘട്ടമായാണ് തദ്ദേശ തിരഞ്ഞെടുപ്പ് നടക്കുന്നത്. 13 നാണ് വോട്ടെണ്ണൽ. തെരഞ്ഞെടുപ്പ് പ്രചാരണവും അടുത്ത ഘട്ടത്തിലേക്ക്
കടക്കുകയാണ്. തിങ്കളാഴ്ചയോടെ സ്ഥാനാർത്ഥി ചിത്രം പൂർണമാകും. ചുമരെഴുത്തും ബോർഡുകളും പോസ്റ്ററുകളുമായി മൂന്നു മുന്നണികളും ഇതിനകം പ്രചാരണം വിപുലമാക്കിയിട്ടുണ്ട്. വീടുകൾതോറും കയറി എല്ലാ വോട്ടർമാരെയും നേരിൽക്കാണാനുള്ള ശ്രമത്തിലാണ് സ്ഥാനാർഥികൾ.

❁❁❁❁❁❁❁❁❁❁❁❁❁

## ENUMERATION FORM

സംസ്ഥാനത്തെ എന്യൂമറേഷൻ ഫോം വിതരണം 99.5 ശതമാനം പിന്നിട്ടതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. . ബൂത്തുകളുടെ ഡിജിറ്റൈസേഷൻ നൂറ് ശതമാനം പൂർത്തിയാക്കിയ

BLO മാർക്ക് വ്യക്തിഗത അഭിനന്ദന സർട്ടിഫിക്കറ്റും ബാഡ്ജും നൽകുമെന്നും ശ്രീ രത്തൻ യു കേൽക്കർ അറിയിച്ചു. തീവ്ര വോട്ടർ പട്ടിക പരിഷ്കരണം സംബന്ധിച്ച സംസ്ഥാന സർക്കാരിൻറെ അടക്കമുള്ള ഹർജികൾ സുപ്രീം കോടതി ഇന്ന് പരിഗണിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**GOYAL-ISRAEL FTA-( INTRO)**

സ്വതന്ത്ര വ്യാപാര കരാറിനുള്ള ചർച്ചകൾ ആരംഭിക്കുന്നതിനായുള്ള ധാരണാപത്രത്തിൽ ഇന്ത്യയും ഇസ്രായേലും ഒപ്പുവച്ചു. കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയലും ഇസ്രായേൽ സാമ്പത്തിക വ്യവസായ മന്ത്രി നിർ ബർക്കത്തുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സാമ്പത്തിക സഹകരണം കൂടുതൽ ആഴത്തിലാക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണിതെന്ന് ശ്രീ പിയൂഷ് ഗോയൽ പറഞ്ഞു. ഇന്ത്യയ്ക്കും ഇസ്രായേലിനുമിടയിലെ വ്യാപാര-നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്താൻ സ്വതന്ത്ര വ്യാപാരക്കരാർ വഴിവയ്ക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

❁❁❁❁❁❁❁❁❁❁❁❁❁

**SITHARAMAN - PRE BUDGET**

2026-27 ലെ കേന്ദ്ര ബജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്ന് അടിസ്ഥാന സൗകര്യ, ഊർജ്ജ മേഖലകളിൽ നിന്നുള്ള വിദഗ്ധരുമായി ന്യൂഡൽഹിയിൽ ചർച്ച നടത്തി. ധനമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന

11-ാമത് പ്രീ-ബജറ്റ് ചർച്ചയാണിത്.

തൊഴിലാളി സംഘടനകൾ, ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖല എന്നിവയിലെ പ്രതിനിധികളുമായി ധനമന്ത്രി ഇന്നലെ ചർച്ച നടത്തിയിരുന്നു .

❁❁❁❁❁❁❁❁❁❁❁❁❁

**CHOUHAN-FINAL CROP DATA**

ഭക്ഷ്യധാന്യ ഉൽപാദനത്തിൽ രാജ്യം എട്ട് ശതമാനത്തിന്റെ റെക്കോർഡ് വളർച്ചാ നിരക്ക് കൈവരിച്ചതായി കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്തെ മൊത്തം ഭക്ഷ്യധാന്യ ഉൽപാദനത്തിൽ 106 ദശലക്ഷം ടണ്ണിലധികം

വർധനയാണുണ്ടായതെന്നും അദ്ദേഹം പറഞ്ഞു. 2024-25 ലെ വിള ഉൽപാദനത്തിന്റെ കണക്കുകൾ ന്യൂഡൽഹിയിൽ

പുറത്തിറക്കിയ ശേഷം സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. മിനിമം താങ്ങുവില ഉറപ്പാക്കുന്നത് ഉൾപ്പെടെ കൃഷിക്കും കർഷകർക്കും മുൻതൂക്കം നൽകിയുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രസർക്കാർ നടപ്പാക്കിവരുന്നതെന്നും ശ്രീ ചൗഹാൻ വ്യക്തമാക്കി.

## PREZ TIRUMALA TEMPLE

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് തിരുപ്പതി തിരുമല ശ്രീ വെങ്കിടേശ്വര സ്വാമിക്ഷേത്രം സന്ദർശിച്ചു. പ്രധാന ക്ഷേത്രത്തിലും, ഉപക്ഷേത്രങ്ങളിലും രാഷ്ട്രപതി പ്രാർത്ഥന നടത്തി. ദേവസ്വം അധികൃതർ രാഷ്ട്രപതിയെ ക്ഷേത്ര സന്നിധിയിലേക്ക് സ്വീകരിച്ചു.

## SABARIMALA (INTRO)

ശബരിമലയിൽ തിരക്ക് നിയന്ത്രണ വിധേയം. ഇന്ന് രാവിലെ നട തുറന്നതു മുതൽ രാവിലെ 11 വരെയുള്ള കണക്കുപ്രകാരം 44,668 പേരാണ് ദർശം നടത്തിയത്. ഹൈക്കോടതി നിർദേശപ്രകാരം സ്പോട്ട് ബുക്കിംഗ് 24 വരെ 5,000 ആയി കുറച്ചിട്ടുണ്ട്. നിലയ്ക്കൽ, വണ്ടിപെരിയാർ എന്നിവിടങ്ങളിൽ മാത്രമാണ് സ്പോട്ട് ബുക്കിംഗ് കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിക്കുന്നത്.

*വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## IFFI

56 മത് ഇന്ത്യ രാജ്യാന്തര ചലച്ചിത്രമേള ഗോവയിൽ പുരോഗമിക്കുന്നു. ആഗോളതലത്തിൽ പ്രേക്ഷക ശ്രദ്ധ നേടിയ നിരവധി ചിത്രങ്ങൾ മേളയുടെ രണ്ടാം ദിനത്തിൽ പ്രദർശിപ്പിക്കുന്നുണ്ട്. ഇന്ത്യൻ പനോരമ വിഭാഗത്തിലെ ചിത്രങ്ങളുടെ പ്രദർശനത്തിനും ഇന്നാണ് തുടക്കം. ഇന്ത്യയുടെ ചലച്ചിത്ര വൈവിധ്യവും, പ്രതിഭയും പ്രേക്ഷകർക്ക് മുന്നിൽ പരിചയപ്പെടുത്തുന്ന ഇന്ത്യൻ പനോരമ വിഭാഗത്തിൽ തുടരും, സർക്കീട്ട് തുടങ്ങിയ മലയാള ചിത്രങ്ങളടക്കം പ്രദർശിപ്പിക്കുന്നുണ്ട്. മേളയുടെ ഭാഗമായുള്ള മാസ്റ്റർക്ലാസ്സ് പരിപാടിയുടെ ഉദ്ഘാടനം കേന്ദ്രസഹമന്ത്രി എൽ മുരുഗൻ ഇന്ന് നിർവഹിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PM - MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന - പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്ത് ഈ മാസം 30 ന് രാവിലെ 11

മണിക്ക്. പരിപാടിയുടെ 128 -ാമം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് പ്രക്ഷേപണം ചെയ്യും . മലയാള പരിഭാഷയും തുടർന്ന് ഉണ്ടായിരിക്കും. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ജനങ്ങൾക്ക് പരിപാടിയെകുറിച്ചുള്ള ആശയങ്ങളും നിർദ്ദേശങ്ങളും ഈ മാസം 28 വരെ സമർപ്പിക്കാം.

## SIT- AL FALAH UNIVERSITY

ഡൽഹി സ്ഫോടനവുമായി ബന്ധപ്പെട്ട് അൽ ഫലാഹ് സർവകലാശാലയിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ഫരീദാബാദ് പോലീസ് പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. സ്ഫോടനവുമായി ബന്ധപ്പെട്ട് സർവകലാശാലയിലെ നിരവധി ഡോക്ടർമാർ അറസ്റ്റിലായതിനെ തുടർന്നാണ് നീക്കം. സർവകലാശാല തീവ്രവാദത്തിന്റെ കേന്ദ്രമായി മാറിയതെങ്ങനെയെന്ന് എസ്.ഐ.ടി അന്വേഷിക്കും. ഇതുമായി ബന്ധപ്പെട്ട ഫണ്ടിംഗിനെക്കുറിച്ചും സ്ഫോടകവസ്തുക്കൾ എത്തിച്ച രീതിയെക്കുറിച്ചും അന്വേഷണം നടക്കും. പ്രദേശവാസികൾക്ക് ഇതിലുള്ള പങ്കിനെക്കുറിച്ചുള്ള പരിശോധനയും എസ്.ഐ.ടി നടത്തും.

## CRICKET

ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ ഗുവാഹത്തിയിൽ. രാവിലെ 9 മണിക്കാണ് മത്സരം ആരംഭിക്കുക. ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്കയ്ക്കായിരുന്നു ജയം. ഇന്ത്യ-ദക്ഷിണാഫ്രിക്ക ഏകദിന പരമ്പര ഈ മാസം 30-ന് ആരംഭിക്കും.

## BANGLADESH EARTHQUAKE

ബംഗ്ലാദേശിലെ ധാക്കയുൾപ്പെടെയുള്ള മേഖലയിൽ ഇന്ന് രാവിലെ ഭൂചലനം അനുഭവപ്പെട്ടു. 5.7 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം രാവിലെ 10.10 നാണ് ഉണ്ടായത്. ബഹുനില കെട്ടിടങ്ങളക്കം കുലുങ്ങിയതോടെ ജനങ്ങൾ പരിഭ്രാന്തരായി. കൊൽക്കത്തയിലും, അസമിലും, വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലും ശക്തമായ പ്രകമ്പനമാണ് അനുഭവപ്പെട്ടത്.

## MISS UNIVERSE

2025 ലെ മിസ് യൂണിവേഴ്സ് കിരീടം സ്വന്തമാക്കി മെക്സിക്കോയുടെ ഫാത്തിമ ബോഷ്. തായ്ലൻഡിലാണ് മത്സരം നടന്നത്. മിസ് വെനസ്വേല രണ്ടാം സ്ഥാനത്തും, മിസ്സ് ഫിലിപ്പീൻസ് മൂന്നാം സ്ഥാനത്തുമെത്തി.

ഇന്ത്യയുടെ മണിക വിശ്വകർമയ്ക്ക് ആദ്യ 12 ൽ എത്താൻ സാധിച്ചില്ല.